# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

പി.ആർ.സി.039994/12

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി:19.12.2012

## സർക്കുലർ നം.1

വിഷയം: ശമ്പള പരിഷ്ക്കരണം 2011- ഓപ്ഷൻ സ്വീകരിക്കൽ - ശമ്പള നിർണ്ണയം -സ്പഷ്ടീകരണ ഉത്തരവ്

സൂചന: 1. സർക്കുലർ ഉത്തരവ് സഉ(പി)നം.71/2012/ഗതാഗത, Dt:27.11.12
2. എൽ.ആർ.8/043530/10, dt:03.12.2012
3. ബഹുഊർജ്ജ ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.10.2012 ന് 12.00 മണിക്ക് ചേർന്ന ചർച്ചായോഗത്തിന്റെ എൽ.ആർ.8/004349/12 നമ്പറായുള്ള മിനിറ്റ്സ്

### I. ഓപ്ഷൻ

1. ഓപ്ഷൻ 04.12.12 മുതൽ 30 ദിവസത്തിനകം നിർദ്ദിഷ്ട ഓപ്ഷൻ ഫോറത്തിൽ ഓപ്ഷൻ തീയതി സ്പഷ്ടമായി രേഖപ്പെടുത്തി പൂർണ്ണമായും പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ആയത് യൂണിറ്റാഫീസർ തീയതി വച്ച് സാക്ഷ്യപ്പെടുത്തുകയും കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്. <u>പൂർണ്ണമായും പൂരിപ്പിക്കാത്തതും, വെട്ടിത്തിരുത്തലോടു കൂടിയതുമായ ഓപ്ഷൻ ഫോറം ഒരു കാരണവശാലും സ്വീകരിക്കാൻ പാടുള്ളതല്ല.</u>
2. നിശ്ചിത സമയത്തിനകം നിശ്ചിത ഫാറത്തിൽ ഓപ്ഷൻ നൽകി യൂണിറ്റാഫീസറിൽ നിന്നും രസീത് കൈപ്പറ്റാത്ത ജീവനക്കാർ 01.03.11 ന് ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളപുനഃനിർണ്ണയം നടത്തുന്നതാണ്. ആയതിന്റെ ഉത്തരവാദിത്വം ജീവനക്കാരനു മാത്രമായിരിക്കും. 01.03.11 നു ശേഷം നടന്ന എല്ലാ നിയമനങ്ങളും പ്രമോഷനുകളും പരിഷ്ക്കരിച്ച സ്കെയിലിൽ നടന്നതായി കണക്കാക്കുന്നതാണ്.
3. 01.03.11 ൽ വഹിച്ചിരുന്ന തസ്തികയിൽ തുടരുന്നിടത്തോളം കാലം 29.02.16 വരെയുള്ള കാലയളവിൽ ആ തസ്തികയിൽ ജീവനക്കാർ ആഗ്രഹിക്കുന്ന തീയതിയിൽ വ്യവസ്ഥകൾക്കു വിധേയമായി ഓപ്ഷൻ നൽകാവുന്നതാണ്..
4. 01.03.11 നും ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം നടപ്പിലാക്കുന്ന തീയതിക്കുമിടയിൽ (ഗ്രേഡ് പ്രമോഷൻ) റ്റെൻറ്റേറ്റീവ്/അബ്സൊല്യൂട്ട് /റേഷ്യോ പ്രമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർക്കു മാത്രം പ്രമോഷൻ ലഭിച്ചപ്പോൾ ശമ്പള നിർണ്ണയത്തിന് തിരഞ്ഞെടുത്ത തീയതിയിൽ (റൂൾ 28A യുടെ a/b ഓപ്ഷൻ) ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ 31.08.12 വരെ ലഭിച്ച പ്രമോഷനുകൾക്ക് 01.09.2012 നു ശേഷം വരുന്ന 28A യുടെ b പ്രകാരം (Absolute) സമർപ്പിച്ച ഓപ്ഷൻ തീയതിയിൽ പുതുക്കിയ ശമ്പള സ്കെയിലിലേക്ക് ഓപ്ഷൻ നൽകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. ഈ കാലയളവിൽ ഒന്നിൽ കൂടുതൽ പ്രമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആദ്യം ലഭിച്ച പ്രമോഷനിൽ തന്നെ ഓപ്ഷൻ നൽകേണ്ടതാണ്.
5. ടി സംഗതിയിൽ, ഒരു ജീവനക്കാരന്റെ ഇൻക്രിമെന്റ് തീയതിയും പ്രമോഷൻ തീയതിയും ഒരേ ദിവസമായാൽ പ്രമോഷൻ ചട്ടങ്ങൾ പ്രകാരം ആ ദിവസം താഴ്ന്ന തസ്തിക നിലനിൽക്കുന്നതല്ല. ആയതിനാൽ ഇൻക്രിമെന്റ് തീയതി എന്ന നിലയിൽ ആ ജീവനക്കാരന് താഴ്ന്ന തസ്തികയിൽ ഓപ്ഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ആ തീയതിയിൽ പ്രമോഷൻ തസ്തികയിൽ ഓപ്ഷൻ അനുവദിക്കുന്നതാണ്.
6. ദീർഘകാല അവധി, സസ്പെൻഷൻ എന്നിവ കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് ആ ദിവസം മുതൽ 30 ദിവസത്തിനകം ഓപ്ഷൻ നൽകാൻ അനുവദിക്കുന്നതാണ്. ഡെപ്യൂട്ടേഷനിൽ കഴിയുന്ന ജീവനക്കാരിൽ ഓപ്ഷൻ അവസരം വിനിയോഗിക്കാത്തവർക്ക് അവർ തിരികെ ജോലിയിൽ പ്രവേശിച്ച് 30

7. 1. അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിനെ തുടർന്ന് അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കപ്പെട്ട ജീവനക്കാരന്റെ ജോലിക്കു ഹാജരാകാതിരുന്ന കാലയളവ് 01.03.11 അല്ലെങ്കിൽ ഓപ്ഷൻ തീയതി വരെ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിഗണിക്കാതെയുള്ള ശൂന്യവേതനാവധിയായി കണക്കാക്കി പരിഷ്ക്കരിച്ച ശമ്പളം നിജപ്പെടുത്തേണ്ടതും ആ വിവരം വിജിലൻസ് സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

2. 01.03.2011 നും ഓപ്ഷൻ തീയതിക്കും ഇടയിൽ സസ്പെൻഷൻ കഴിഞ്ഞ് തിരികെ ഡ്യൂട്ടിയിൽ പ്രവേശിക്കപ്പെട്ട ജീവനക്കാരന്റെ സസ്പെൻഷൻ കാലയളവ് അർഹതയുള്ള അവധിയായി പരിഗണിച്ച് പരിഷ്ക്കരിച്ച ശമ്പളം നിജപ്പെടുത്തേണ്ടതും ആ വിവരം വിജിലൻസ് സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

1 ലും 2 ലും പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ ശമ്പളപരിഷ്ക്കരണത്തിന് വേണ്ടി മാത്രമുള്ളതാണ്. ബന്ധപ്പെട്ട കേസുകളിൽ ഡിസ്പ്ലിനറി അതോറിറ്റി എടുക്കുന്ന അന്തിമ വിധിക്കു ശേഷമേ അടുത്ത ഇൻക്രിമെന്റുകൾ അനുവദിക്കുവാൻ പാടുള്ളു.

8. ഭാവിയിലേക്ക് ഓപ്ഷൻ (future option) സമർപ്പിക്കുകയും എന്നാൽ ഓപ്ഷൻ തീയതിയ്ക്കു മുൻപ് കേഡർ/സമയ ബന്ധിത ഗ്രേഡ് പ്രമോഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് ആദ്യം സമർപ്പിച്ച ഓപ്ഷൻ അസാധു ആകുന്നതിനാൽ 30 ദിവസത്തിനകം നിലവിലുള്ള നിബന്ധനകൾക്കനുസൃതമായി ഓപ്ഷൻ പുതുക്കി നല്കാവുന്നതാണ്. അല്ലാത്ത പക്ഷം ആ ജീവനക്കാരൻ 01.03.11 ലേക്ക് ഓപ്ഷൻ നല്കിയതായി കണക്കാക്കി ശമ്പളം പുനർനിർണ്ണയം നടത്തുന്നതാണ്.

9. 01.03.11 നും പരിഷ്ക്കരണം നടപ്പിലാക്കുന്ന തീയതിയ്ക്കുമിടയിൽ ചാനൽ വിട്ട് തസ്തിക മാറ്റം ലഭിച്ച/ഇൻറ്റേണൽ ചാനൽ സെലക്ഷൻ വഴി പുതിയ തസ്തികയിൽ മാറ്റം ലഭിച്ച ജീവനക്കാരന് പുതിയ തസ്തികയിൽ ഓപ്ഷൻ നൽകാൻ അനുവദിക്കുന്നതല്ല.

10. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാർക്കും മറ്റ് ജോലികൾക്കായി ശൂന്യവേതനാവധിയിൽ തുടരുന്ന ജീവനക്കാർക്കും 01.03.11 നു ശേഷമോ പെൻഷൻ പറ്റുന്ന തീയതിക്കു മുമ്പോ ജോലിയിൽ പ്രവേശിച്ചാൽ മാത്രമേ ടി ശമ്പള പരിഷ്ക്കരണത്തിന് അർഹതയുള്ളു. ഇപ്രകാരം, തിരികെ സർവ്വീസിൽ പ്രവേശിക്കാത്ത ജീവനക്കാർക്കും 2006 സ്കെയിലിലോ അതിനു മുമ്പോ അർഹതയുള്ള ശമ്പള നിരക്ക് അനുസരിച്ച് പെൻഷൻ നിർണ്ണയിച്ച് 2011 ലെ പെൻഷൻ പരിഷ്ക്കരണ പ്രകാരമുള്ള പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു. എന്നാൽ പെൻഷൻ പറ്റുന്നതിന് മുന്നോടിയായി അവധി അനുവദിച്ചിട്ടുള്ള(LPR) ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ല.

11. ഓപ്ഷനായി നിശ്ചയിച്ചിരിക്കുന്ന തീയതിയ്ക്കു മുമ്പായി ഓപ്ഷനുള്ള അവകാശം വിനിയോഗിക്കാതെ ഒരു ജീവനക്കാരൻ മരണമടയുകയാണെങ്കിൽ അയാളുടെ ശമ്പളം അനന്തരാവകാശികൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്ക്കരിച്ച് നൽകേണ്ടതാണ്.

12. ഓപ്ഷൻ രജിസ്റ്റർ തയ്യാറാക്കാനുള്ള മാതൃക (Option Register)

| ക്രമ നമ്പർ | പേര് | തസ്തിക | ഓപ്ഷൻ സമർപ്പിച്ച തീയതി | ഒപ്പ് | | |
|---|---|---|---|---|---|---|
| | | | | *സൂപ്രണ്ട്* | *എ.ഒ.* | *യൂണിറ്റ് ഓഫീസർ* |
| | | | | | | |

II. പുതുക്കിയ ശമ്പള നിർണ്ണയം

1. 01.03.11- നോ ഓപ്ഷൻ തീയതിയിലോ നിലവിലുള്ള സ്കെയിലിലെ അടിസ്ഥാന ശമ്പളം (സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്, പേഴ്സണൽ പേ, അഡ്വാൻസ് ഇൻക്രിമെന്റ് ഉൾപ്പെടെ).
2. ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ 64% ക്ഷാമബത്ത
3. ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ 10% കുറഞ്ഞത് 1000/- രൂപ ഫിറ്റ്മെന്റ് ആനുകൂല്യം
4. ഓപ്ഷൻ തീയതിയിൽ KSRTC യിൽ പൂർത്തിയാക്കിയ ഓരോ വർഷത്തെ യോഗ്യസേവന കാലത്തിനും (ശമ്പള പരിഷ്ക്കരണ കരാർ അനുബന്ധം 2 ലെ വ്യവസ്ഥകൾ പ്രകാരമുള്ള) ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ $^1/_2$% വെയിറ്റേജ് (പരമാവധി 30 വർഷം 15% വെയിറ്റേജ്)

മുകളിൽ ഒന്നു മുതൽ നാലുവരെ പറഞ്ഞിട്ടുള്ള പ്രകാരം നിർണ്ണയിച്ച തുകകൾ കൂട്ടിയ ശേഷം 50 പൈസയിൽ കൂടുതൽ ഉള്ളത് മുകളിലെ രൂപയിലേക്കും 50 പൈസയ്ക്ക് താഴെയുള്ളത് താഴത്തെ രൂപയിലേക്കും റൗണ്ട് ചെയ്ത് പുതുക്കിയ ശമ്പള സ്കെയിലിന്റെ സ്റ്റേജാണെങ്കിലും അല്ലെങ്കിലും അടുത്ത സ്റ്റേജിലേക്ക് ഉയർത്തേണ്ടതാണ്. ഇപ്രകാരം നിർണ്ണയിച്ച തുക പുതുക്കിയ ശമ്പള സ്കെയിലെ പരമാവധിയെക്കാൾ ഉയർന്നതാണെങ്കിൽ ശമ്പളം പുതുക്കിയ സ്കെയിലിന്റെ പരമാവധിയിൽ ഫിക്സ് ചെയ്യേണ്ടതും ബാക്കി വരുന്ന തുക വ്യക്തിഗത വേതനമായി (personal pay) കണക്കാക്കാവുന്നതാണ്. ഇത്തരത്തിലുള്ള വ്യക്തിഗത വേതനം എല്ലാ ആവശ്യങ്ങൾക്കും കണക്കാക്കുന്നതാണ്. തുടർന്ന് Personal pay നിലനിർത്തി കൊണ്ട് അർഹതയുള്ള സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്.

5. പുതുക്കിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കപ്പെട്ട ഒരു ജീവനക്കാരന്റെ അടുത്ത ഇൻക്രിമെന്റ് ഓപ്ഷൻ തീയതി മുതൽ ഒരു ഇൻക്രിമെന്റ് വർഷം പൂർത്തിയാകുമ്പോൾ ലഭിക്കുന്നതാണ്.
6. ഭാവിയിലേക്ക് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് നിലവിലുള്ള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 94% ക്ഷാമബത്തയും, അടിസ്ഥാന ശമ്പളത്തോടൊപ്പം 64% ക്ഷാമബത്തയും ചേർന്നുള്ള തുകയെ അടിസ്ഥാന ശമ്പളമായി കണക്കാക്കി വീട്ടുവാടക ബത്തയും മറ്റു ബത്തകളും (HRA & other allowances) അനുവദിക്കുന്നതാണ്.
7. പരിഷ്ക്കരിച്ച ശമ്പളത്തിന് 01.03.2011 മുതൽ 31.08.2012 വരെ കല്പിതാനുകൂല്യവും (Notional) 01.09.2012 മുതൽ സാമ്പത്തികാനുകൂല്യവും ഉണ്ടായിരിക്കും.

## III. A). ഫിക്സേഷൻ രജിസ്റ്റർ (Fixation Register)

i. ഓപ്ഷൻ അനുസരിച്ചുള്ള ശമ്പള നിർണ്ണയം ആദ്യം ഫിക്സേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ii. ഫിക്സേഷൻ രജിസ്റ്റർ തസ്തിക ക്രമത്തിൽ (Category-wise) പരിപാലിക്കേണ്ടതാണ്.

iii. ഫിക്സേഷൻ രജിസ്റ്ററിൽ ശമ്പള നിർണ്ണയം നടത്തി ആഡിറ്റ് സൂപ്രണ്ട് അംഗീകരിച്ച ശേഷമേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാവൂ.

iv. ടി (iii) പ്രകാരം തയ്യാറാക്കുന്ന ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് നിർദ്ദിഷ്ട ഫാറത്തിൽ ടൈപ്പ് ചെയ്ത് സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്) സൂപ്രണ്ട് (ആഡിറ്റ്) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, യൂണിറ്റോഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തി സർവ്വീസ് പുസ്തകത്തിൽ ഒരു പുതിയ പേജിൽ വലതു വശത്തായി ഒട്ടിച്ചു വയ്ക്കണം. അതിന്റെ വിശദാംശങ്ങൾ ഇടതു വശത്തുള്ള പേജിൽ നിർദ്ദിഷ്ട

ത്താവൂ.

ബി. ഫിക്സേഷൻ രജിസ്റ്റർ തയ്യാറാക്കേണ്ട മാതൃക

| ക്രമനമ്പർ | പേര് | തസ്തിക / ഗ്രേഡ് | നിലവിലുള്ള ശമ്പള സ്കെയിൽ | ഓപ്ഷൻ തീയതി | ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |

| 6 ലെ അടിസ്ഥാന ശമ്പളത്തിന് 64% DA | 10% ഫിറ്റ്മെന്റ് ബെനിഫിറ്റ് (കുറഞ്ഞത് 1000രൂപ) | ഓപ്ഷൻ തീയതിയിലെ യോഗ്യ സേവന കാലം | ഒരു വർഷത്തിന് 1/2 % എന്ന നിരക്കി ലുള്ള വെയിറ്റേജ് | ആകെ കൂട്ടിയ തുക | അടുത്ത സ്റ്റേജ് | ഒപ്പ് സുപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്) | ഒപ്പ് സുപ്രണ്ട് (ആഡിറ്റ്) |
|---|---|---|---|---|---|---|---|
| 7 | 8 | 9 | | 10 | 11 | 12 | 13 |
| | | | | | | | |

## IV. ശമ്പള പരിഷ്ക്കരണം - സ്കെയിൽ 2011

സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നവിധം

1. സേവന പുസ്തകത്തിന്റെ മറ്റൊന്നും രേഖപ്പെടുത്താത്ത പുതിയ പേജിൽ വലതു വശത്ത് ഓപ്ഷൻ ഫാറം, ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഒട്ടിച്ചു ചേർക്കേണ്ടതും ഇടതുവശത്ത് താഴെപ്പറയുന്ന മാതൃകയിൽ റബ്ബർ സീൽ തയ്യാറാക്കി സർവ്വീസ് പുസ്തകത്തിൽ പതിച്ച് ശമ്പള നിർണ്ണയ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം രേഖപ്പെടുത്തുമ്പോൾ വെട്ടിത്തിരുത്ത്, മഷിയിട്ട് മാറ്റി എഴുതുക, പുറത്തു കൂടെ എഴുതിത്തിരുത്തുക ഇത്യാദികൾ അനുവദിക്കുന്നതല്ല. ആയതിനാൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ച് ഈ കൃത്യം നിർവഹിക്കേണ്ടതാണ്.

*Fixation of pay in 2011 Scales*
*as per order No. GO (P) No.71/12/Tran dt: 27.11.12*
*LR8-043530/10, dt: 03.12.12*

*Date Opted:* *Post:*

Basic pay on the date of option:

Pay fixed at Rs................... wef ..........................
in the scale of pay of Rs.......................................
in the post of ..................................................
Pay raised subsequently as follows
1. Rs................................/ wef ........................
2. Rs................................/ wef ........................
3. Rs................................/ wef ........................
4. Rs................................/ wef ........................
5. Rs................................/ wef ........................

HRA @ 4% of the basic pay subject to a minimum of Rs. 500/- and a maximum of Rs. 1000/-

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

പി.ആർ.സി.039994/12

ചെയർമാൻ ആന്റ് മാനേജിങ്ങ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 22.01.2013

## സർക്കുലർ നം.2

വിഷയം: ശമ്പള പരിഷ്ക്കരണം 2011- ശമ്പള നിർണ്ണയം-സ്പഷ്ടീകരണം

സൂചന: 1. സർക്കുലർ ഉത്തരവ് സ.ഉ.(പി)നം.71/2012/ധനകാര്യം
2. എൽ.ആർ.8/043530/10, dt:03.12.2012

### അർദ്ധവേതനാവധി - ശമ്പളം കണക്കാക്കുന്ന വിധം

അർദ്ധവേതനാവധി എടുക്കുന്ന ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന് അർഹമായ മുഴുവൻ ക്ഷാമബത്തയും ലഭിക്കുന്നതിനുള്ള ശമ്പള പരിധി 10520/- രൂപയിൽ നിന്നും 18660/- രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. നിലവിലുള്ള ഉത്തരവുകൾ പ്രകാരം 50% ശമ്പളവും മുഴുവൻ ശമ്പളത്തിനർഹമായ ക്ഷാമബത്തയും ചേർന്ന തുക മൊത്തം ശമ്പളത്തിന്റേയും, ക്ഷാമബത്തയുടേയും 65% ത്തിൽ കുറവായാൽ കൂടിയ തുക നൽകേണ്ടതാണ്.

### KSR Part I-ലെ ചട്ടം 28A 37(a) എന്നീ റൂളുകൾ പ്രകാരം പ്രമോഷന് ശമ്പളം നിർണ്ണയിക്കുന്നതിനുള്ള ശമ്പള പരിധി

36140/- രൂപയിൽ കവിയാത്ത പ്രാരംഭ തുകയോടു കൂടിയ ശമ്പള സ്കെയിലുകളിലേക്കുള്ള പ്രമോഷനുകൾക്ക് KSR Part I-ലെ ചട്ടം 28A പ്രകാരം സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ ശമ്പളനിർണ്ണയം നടത്തുന്നതാണ്.

36140/- രൂപയിൽ കവിഞ്ഞ പ്രാരംഭ തുകയോടു കൂടിയ ശമ്പള സ്കെയിലുകളിലേക്കുള്ള പ്രമോഷനുകൾക്ക് KSR Part I-ലെ ചട്ടം 37(a) പ്രകാരം ശമ്പള നിർണ്ണയം നടത്തുന്നതാണ്.

ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർക്കു വേണ്ടി

എല്ലാ യൂണിറ്റധികാരികൾക്കും
ചീഫ് ഓഫീസിലെ എല്ലാ സെക്ഷൻ അധികാരികൾക്കും